DESPATCHED
On..8/6/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 183(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 3409/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 4

ശ്രീ. ബിനീഷ് പി. ചാക്കോ,
പനച്ചിങ്കൽ,
മലകുന്നം പി.ഒ., ചങ്ങനാശ്ശേരി – 686 535. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ,
കുറിച്ചി, ഇത്തിത്താനം പി.ഒ., ചങ്ങനാശ്ശേരി,
കോട്ടയം – 686 532

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
ചങ്ങനാശ്ശേരി. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 21/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 31/05/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ബിനീഷ് പി. ചാക്കോ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരമുള്ള നടപടി സ്വീകരിക്കാതെ അപേക്ഷയിലെ 4 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് അപൂർണ്ണവും ഭാഗീകവുമായ വിവരങ്ങളാണ് നൽകിയതെന്നും ടിയാൻ ആവശ്യപ്പെട്ട പകർപ്പുകളും വിവരങ്ങളും സമയബന്ധിതമായി നൽകാത്തതിനാൽ ആയത് സൗജന്യമായി കിട്ടുന്നതിനുള്ള അർഹതയുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ട വിവരം

RIGHT TO INFORMATION

പൂഴ്ത്തിവയ്ക്കുകയും നിഷേധിക്കുകയും ചെയ്തതിന് എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ച് ഹർജിക്കാരന് നഷ്ടപരിഹാരം നൽകണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 27.09.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 2018 മുതൽ 2021 സെപ്റ്റംബർ മാസം വരെ ടി പൊതു അധികാര കേന്ദ്രത്തിന്റെ ചുമതലയിൽ നടത്തപ്പെട്ട കോൺട്രാക്ട് വർക്കുകളുടെ വിവരം നൽകണമെന്നും കോൺട്രാക്ടർമാരുടെ പേര്, വിലാസം, കോൺട്രാക്ട് വർക്കിന്റെ പേര്, തുക, തീയതി, ടി ഓഫീസ് കോൺട്രാക്ടറിൽ നിന്നും പിടിച്ച റ്റി.ഡി.എസ്. തുക, ടി ഓഫീസ് കോൺട്രാക്ടറിൽ നിന്നും പിടിച്ച പ്രൊഫഷണൽ ടാക്സ് ഇവയുടെ വിവരം നൽകണമെന്നും

ii. 2018 മുതൽ 2021 സെപ്റ്റംബർ മാസം വരെ ടി പൊതു അധികാര കേന്ദ്രത്തിലെ കോൺട്രാക്ട് വർക്കുകളിൽ കോൺട്രാക്ടർക്ക് നൽകിയ ചെക്ക് നമ്പർ/ബാങ്ക് ട്രാൻസ്ഫർ ഡീറ്റെയിൽസ് ഇവയുടെ വിവരവും രേഖാപകർപ്പുകളും നൽകണമെന്നും

iii. 2018 മുതൽ 2021 സെപ്റ്റംബർ മാസം വരെ ടി പൊതു അധികാര കേന്ദ്രത്തിന്റെ ചുമതലയിൽ നടത്തപ്പെട്ട കോൺട്രാക്ട് വർക്കുകളിൽ ടി പൊതു അധികാര കേന്ദ്രത്തിന്റെ കൈവശമുള്ള മുഴുവൻ രേഖകൾ സി.ഡി. രൂപത്തിൽ നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 22.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 21.11.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 17.12.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് കുറിച്ചി സെക്ഷൻ ഓഫീസിലെ പി.ഐ.ഒ.യിൽ നിന്ന് റിമാർക്സ് ആവശ്യപ്പെടുകയും, പരാതിക്കാരനെ 13.12.2021-ൽ ഹിയറിംഗിനായി ഇലക്ട്രിക്കൽ സബ് ഡിവിഷൻ ചങ്ങനാശ്ശേരിയിൽ ഹാജരാകാൻ 3.12.2021-ൽ അറിയിച്ചുവെങ്കിലും ടിയാൻ ഹാജരായില്ലെന്നും അപ്പീലിന്മേൽ നൽകിയ റിമാർക്സും മറുപടിയും പരിശോധിച്ചതിൽ, പി.ഐ.ഒ. നൽകിയ മറുപടിയിൽ 2018 മുതൽ 2021 സെപ്റ്റംബർ മാസം വരെയുള്ള കുറിച്ചി സെക്ഷന്റെ ചുമതലയിൽ നടത്തപ്പെട്ട കോൺട്രാക്ട് വർക്കുകളുടെ വിവരങ്ങളും കോൺട്രാക്ടർമാരുടെ പേര്, തുക, തീയതി എന്നിവ നൽകുകയും കോൺട്രാക്ടർമാരിൽ നിന്നും പിടിച്ച റ്റി.ഡി.എസ്. തുക, പ്രൊഫഷണൽ ടാക്സ് തുക ഇവയുടെ വിവരം അക്കൗണ്ട് റെന്ററിംഗ് യൂണിറ്റായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് എന്ന വിവരം നൽകി എന്നും ടി വിവരം ഇൻഫർമേഷൻ ഓഫീസർ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ ചങ്ങനാശ്ശേരിയിൽ ലഭിക്കുമെന്ന വിവരം നൽകുകയും ആ അപേക്ഷ ടി ഓഫീസിലേക്ക് അയ്ക്കുകയും ചെയ്തിട്ടുണ്ട് എന്ന് പി.ഐ.ഒ. നൽകിയ റിമാർക്സിൽ നിന്നും മനസ്സിലാകുന്നു എന്നും അപേക്ഷയിലെ വിവരങ്ങൾ പൂർണ്ണമായും മറ്റൊരു ഓഫീസിലാണെങ്കിൽ മാത്രം വിവരാവകാശ നിയമം സെക്ഷൻ 6(3) വകുപ്പുപ്രകാരം

കൈമാറിയാൽ മതി എന്നും അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ഭാഗികമായി ഒരു പൊതു അധികാരിയുടെ കൈവശം ഉണ്ടായിരിക്കുകയും ബാക്കി ഒന്നിലധികം പൊതു അധികാരിയുടെ പക്കൽ ചിതറി കിടക്കുകയുമാണെങ്കിൽ അപേക്ഷ കൈപ്പറ്റുന്ന പൊതു അധികാരിയുടെ എസ്.പി.ഐ.ഒ. തന്റെ കൈവശമുള്ള വിവരം നൽകിയ ശേഷം മറ്റു വിവരങ്ങൾ ലഭിക്കാനായി ബന്ധപ്പെട്ട പൊതു അധികാരിക്ക് പ്രത്യേകം അപേക്ഷ നൽകാൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണെന്ന് 18.5.2017–ലെ കമ്മീഷൻ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും പി.ഐ.ഒ. നൽകിയ മറുപടിയിൽ നാല് മുതൽ ആറ് വരെയുള്ള ചോദ്യങ്ങൾക്ക് എതിർകക്ഷി തെറ്റായ വിവരമാണ് നൽകിയിരിക്കുന്നത് എന്ന പരാതിക്കാരന്റെ പരാതിയിൽ ആയത് സാധൂകരിക്കുന്ന തെളിവുകൾ ഹാജരാക്കിയിട്ടില്ലെന്നും, ആയത് ഹാജരാക്കുന്നതിനുള്ള അവസരം നൽകുന്നതിനായും പരാതിക്കാരനെ കേൾക്കുന്നതിനായും 13.12.2021 ന് അപ്പീൽ അധികാരി നടത്തിയ ഹിയറിംഗിൽ പരാതിക്കാരൻ ഹാജരായിട്ടില്ലെന്നും, ആയത് 17409 കൺസ്യൂമറുടെ വിവരങ്ങൾ കുറിച്ചി സെക്ഷനിലുണ്ടെന്നും പരാതിക്കാരൻ ചോദിച്ച രീതിയിൽ തയ്യാറാക്കിയ വിവരം സെക്ഷൻ ഓഫീസിൽ ഇല്ലാത്തതുകൊണ്ട് ഫയലുകൾ ഓഫീസിൽ വന്ന് പരിശോധിക്കാനുള്ള അനുമതി നൽകിയതായി കാണുന്നു എന്നും വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി സെക്ഷനിൽ ലഭ്യമായ വിവരങ്ങൾ പി.ഐ.ഒ. കഴിയുന്നത്ര വേഗത്തിൽ നൽകുന്നതിന് ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 18.03.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് 22.10.2021–ൽ മറുപടി നൽകിയിരുന്നെങ്കിലും ഒന്നാം അപ്പീൽ അധികാരിക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ, മറുപടി ഭാഗീകവും തെറ്റായതുമായ വിവരങ്ങളുമാണ് പി.ഐ.ഒ. നൽകിയതെന്നാരോപിച്ചാണ് അപ്പീൽ നൽകിയതെന്നും ഒന്നാം അപ്പീൽ അധികാരി നൽകിയ മറുപടിയിലും ആക്ഷേപമുന്നയിച്ചാണ് രണ്ടാം അപ്പീൽ സമർപ്പിച്ചതെന്നും ഹർജിക്കാരന്റെ 27.09.2021–ലെ അപേക്ഷയിൽ ഒന്നാമതായി ആവശ്യപ്പെട്ട വിവരം അക്കൗണ്ട് റെന്ററിംഗ് യൂണിറ്റായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലാണെന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണെന്നും ടി വിവരങ്ങൾ രണ്ടാം എതിർകക്ഷിയുടെ കൈവശം ഉള്ളതല്ലെന്നും അക്കൗണ്ട് റെന്ററിംഗ് യൂണിറ്റ് മറ്റൊരു അതോറിറ്റിയാണെന്നും 21.11.2021–ൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിന് ഒന്നാം അപ്പീൽ അധികാരി കാലതാമസം വരുത്താതെ 17.12.2021–ന് മറുപടി നൽകിയിട്ടുള്ളതാണെന്നും രണ്ടാം എതിർകക്ഷിയായ അപ്പീൽ അധികാരി അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ കൈവശമുള്ള വ്യക്തിയല്ലെന്നും ടി വിവരങ്ങൾ സൂക്ഷിക്കുന്നത് അക്കൗണ്ട് റെന്ററിംഗ് യൂണിറ്റായ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിലെ മേധാവിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറാണെന്നും ടി വിവരങ്ങൾ 10.12.2021–ന് അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണെന്നും വിവരങ്ങൾ സി.ഡി. രൂപത്തിൽ നൽകുവാനുള്ള സാങ്കേതികവിദ്യ ഓഫീസിൽ ലഭ്യമല്ലെന്ന് അപേക്ഷകന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും മാത്രമല്ല ടി വിവരങ്ങൾ ഇ–മെയിൽ വിലാസം നൽകിയാൽ താമസംവിനാ വിവരങ്ങൾ നൽകാമെന്ന് അറിയിച്ചിട്ടും നാളിതുവരെ അദ്ദേഹം ഇ–മെയിൽ വിലാസം നൽകിയിട്ടില്ലെന്നും ഹിയറിംഗിന് ഹാജരാകാതെ ഒഴിഞ്ഞു മാറിയതിനുശേഷം

വാസ്തവ വിരുദ്ധമായ കാര്യങ്ങൾ ഉന്നയിച്ച് കമ്മീഷനെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും ടിയാൻ ആവശ്യപ്പെട്ട ലഭ്യമായ എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 6 ഇനങ്ങളിലായി നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി എതിർകക്ഷികൾ മറുപടി നൽകിയിട്ടുണ്ടെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാകുന്ന അക്കൗണ്ട് റെന്ററിംഗ് യൂണിറ്റായ ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം അയച്ചു കൊടുക്കാതിരുന്നത് ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണെന്ന് കാണുന്നു. എന്നാൽ ഹർജിക്കാരന് വിവരം ലഭ്യമാക്കണമെന്ന സദുദ്ദേശത്തോടെ ആവശ്യപ്പെട്ട വിവരം നേരിട്ട് പരിശോധിക്കുന്നതിനും, നേരിൽ കേൾക്കുന്നതിനും അവസരം നൽകിയിട്ടുള്ളത് പരിഗണിക്കുമ്പോൾ ഹർജിക്കാരന് മറുപടി നൽകുന്നതിൽ മന:പൂർവ്വമായോ ബോധപൂർവ്വമായോ വീഴ്ച എതിർകക്ഷികൾ വരുത്തിയതായും കാണാൻ കഴിയില്ല. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട പൂർണ്ണ വിവരം ടിയാന് ലഭ്യമായിട്ടില്ല എന്ന് കാണുന്നതിനാൽ ടി വിവരം ലഭ്യമാകുന്ന ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ അക്കൗണ്ട് റെന്ററിംഗ് യൂണിറ്റായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് അയച്ചു നൽകിയോ അല്ലെങ്കിൽ ടി ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ടോ ടിയാൻ ആവശ്യപ്പെട്ട ലഭ്യമായ വിവരം 15.6.2022-നകം ഡി.ഡി.യിലാക്കി ഹർജിക്കാരന് സൗജന്യമായി നൽകുന്നതുൾപ്പെടെയുള്ള നടപടികൾ എതിർകക്ഷികൾ സ്വീകരിച്ച്. നടപടി വിവരം കമ്മിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

us